സംസ്ഥാന പോലീസ് മേധാവി നമ്പർ 6/14 ആയി സർക്കുലർ നൽകിയിട്ടുണ്ട്. ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് സേനയിൽ ജനമൈത്രീ പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, വനിതാ ഹെൽപ്പ് ലൈൻ, സിറ്റിസൺ ഹെൽപ്പ് ഡെസ്ക് തുടങ്ങിയ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജനമൈത്രി സംവിധാനം പോലീസ് സേനയെ ജനസൗഹൃദ സേനയാക്കി മാറ്റുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നികുതി ഏകീകരണം

17 (*17) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള വാഹനങ്ങൾക്ക് കർണ്ണാടകയിൽ അധിക നികുതി പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വാഹനങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിനായി കേരളത്തിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

18 (*18) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അനുകൂലമായും, പ്രതികൂലമായും നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടും പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly